## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 160 | 10.03.2020 – ൽ മറുപടിക്ക് |

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്വീകരിച്ചുവരുന്ന നയ സമീപനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോർജ് എം. തോമസ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, സജി ചെറിയാൻ<br>,, എസ്.രാജേന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രകൃതി ദുരന്തങ്ങൾക്ക് തകർക്കാനാകാത്ത കേരളം കെട്ടിപ്പടുക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്വീകരിച്ചുവരുന്ന നയസമീപനം അറിയിക്കാമോ; | എ)<br>&<br>ബി) | കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. |
| ബി) | ആർ.കെ.ഐ.യുടെ നയസമീപനം പൊതുജനവികാരം ഉൾക്കൊണ്ടുകൊണ്ട് സമ്പുഷ്ടീകരിക്കുന്നതിന് പരിപാടിയുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;; | | കേരളപുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗരേഖയായി കേരള പുനർനിർമാണ വികസന പദ്ധതി (Rebuild Kerala Development Program, RKDP) രൂപപ്പെടുത്തിയിട്ടുണ്ട്. RKDP യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ |

| | | | |
|---|---|---|---|
| | | | പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീര വികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിൽ ജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി സെക്ടറൽ മീറ്റിങ്ങുകൾ നടത്തുകയും അഭിപ്രായം സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ **'നമ്മൾ നമുക്കായി'** എന്ന പേരിൽ ആർ.കെ.ഐ-യുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജനകീയ ക്യാമ്പയിൻ സമൂഹത്തിലെ സമസ്ത മേഖലകളിലെയും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നു. ആർ.കെ.ഐ-യുടെ കീഴിൽ, അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ, എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ എന്നിവയാണ് **'നമ്മൾ നമുക്കായി'** ക്യാമ്പയിന്റെ രണ്ട് ഘടകങ്ങൾ. പ്രത്യേക ഗ്രാമസഭകൾ ചേർന്ന് പൊതുജനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ നവകേരള സൃഷ്ടിക്കായി ഉപയോഗപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വിദഗ്ദാഭിപ്രായങ്ങൾ സ്വരൂപിക്കുന്ന സെമിനാറുകളും നടത്തുന്നുണ്ട് . |

| | | | |
|---|---|---|---|
| സി) | ലക്ഷ്യപ്രാപ്തിക്കാവശ്യമായ ധനസമാഹരണത്തിനും പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിനും ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കാമോ? | സി) | നടപടിക്രമങ്ങൾ ലഘൂകരിച്ചും കാര്യക്ഷമത ഉറപ്പാക്കിയും കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികളുടെയും വിദഗ്ധരായ കൺസൾട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 09/11/2018, 23/05/2019-കളിലെ സർക്കാർ ഉത്തരവ് അനുസരിച്ച് ഒരു ത്രിതല അഡ്മിനിസ്ട്രേറ്റീവ് സംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാര സമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവഹണ സമിതിയുടെയും ആർ .കെ .ഐ- യുടെയും സമയോചിതമായ ഇടപെടലുകളും പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ, എഡിബി, JICA, KfW മുതലായ ഏജൻസികൾ എന്നിവയിൽനിന്നും പുനർനിർമ്മാണ പദ്ധതികൾക്കായി ധനസമാഹരണം നടത്താനുള്ള ശ്രമമാണ് നടത്തി വരുന്നത്. കൂടാതെ ഡയസ്പോറ |

| | | | |
|---|---|---|---|
| | | | ബോണ്ട് പോലുള്ള ബജറ്റ് ഇതര ധനസമാഹരണവും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.